| | | |
|---|---|---|
| LEAP KERALA<br>വോട്ടിനായി പേര് ചേർത്തിടാം<br>നാടിനായി വോട്ട് ചെയ്തിടാം | STATE ELECTION COMMISSION • KERALA •<br>**വാർത്താക്കുറിപ്പ്** | TELEPHONE: **0471-2328158**<br>MOBILE : **8281000127**<br>**www.sec.kerala.gov.in**<br>Email:<br>**pro2025sec@gmail.com**<br>cru.sec@kerala.gov.in<br>electionker@gmail.com |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | **13 January 2026** |

## മൂന്ന് തദ്ദേശ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് ഫലം – യുഡിഎഫ്–2, എൽഡിഎഫ്–1

സംസ്ഥാനത്ത് ഇന്നലെ (ജനുവരി 12) നടന്ന മൂന്ന് തദ്ദേശസ്വയംഭരണവാർഡുകളിലെ പ്രത്യേക തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം പൂർത്തിയായി. യുഡിഎഫ് രണ്ടും എൽഡിഎഫ് ഒന്നും വാർഡുകളിൽ വിജയിച്ചു.

തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിൽ യുഡിഎഫ് സ്ഥാനാർത്ഥി കെ എച്ച് സുധീർഖാൻ (ഐഎൻസി) 83 വോട്ടുകൾക്കും മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിമ്പാടം വാർഡിൽ യുഡിഎഫ് സ്ഥാനാർത്ഥി കൊരമ്പയിൽ സുബൈദ(ഐയുഎംഎൽ) 222 വോട്ടുകൾക്കും എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ വാർഡിൽ എൽഡിഎഫ് സ്ഥാനാർത്ഥി സി ബി രാജീവ്(സിപിഎം) 221 വോട്ടുകൾക്കുമാണ് വിജയിച്ചത്.

ഡിസംബർ 9–ാം തീയതിയിലെ പൊതു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ മരണംമൂലം മാറ്റിവച്ച വാർഡുകളിലേയ്ക്കാണ് ഇന്നലെ പ്രത്യേക തിരഞ്ഞെടുപ്പ് നടത്തിയത്.

ഈ മൂന്ന് വാർഡുകളിലെയും തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് 2026 ഫെബ്രുവരി 11 നകം അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് സമർപ്പിക്കണം.

(എസ്.ഇ. സി 04 / 2026)

## തദ്ദേശ പൊതുതിരഞ്ഞെടുപ്പ് – ചെലവ് കണക്ക് സമർപ്പിക്കാത്തവർക്കെതിരെ അയോഗ്യതാ നടപടി

തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ചവർക്ക് തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ (ജനുവരി 12) അവസാനിച്ചു. മത്സരിച്ച 75627 സ്ഥാനാർത്ഥികളിൽ ഓൺലൈനായി ആകെ 56173 പേർ കണക്ക്

സമർപിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നേരിട്ട് സമർപ്പിച്ചവരുടെ എണ്ണം ഉൾപ്പെടാത്ത കണക്കാണിത്.

ഓൺലൈനായി സമർപ്പിക്കാൻ കഴിയാത്തവർക്ക് അതതു തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നേരിട്ട് സമർപ്പിക്കാനും അവസരം നൽകിയിരുന്നു. ഓൺലൈനായും നേരിട്ടും സമർപ്പിച്ച കണക്കുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ജനുവരി 31 നകം കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സെക്രട്ടറിമാരുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കണക്ക് സമർപ്പിക്കാത്തവർക്കെതിരെ അയോഗ്യത നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

(എസ്. ഇ. സി 05 / 2026)